**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നം.229

04-06-2018 ൽ മറുപടിയ്ക്ക്

## താനൂരിൽ അനുവദിച്ച ഫയർ സ്റ്റേഷൻ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.വി.അബ്ദുറഹിമാൻ** | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) താനൂരിൽ 2016-17 ബജറ്റിൽ അനുവദിച്ച ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിനുള്ള നടപടികൾ ഏതുവരെയെത്തി എന്ന് വ്യക്തമാക്കുമോ; | **(എ), (ബി) & (സി)** |
| ബി) പ്രസ്തുത ഫയർ സ്റ്റേഷനുമായി ബന്ധപ്പെട്ട് ആഭ്യന്തര വകുപ്പിൽ നിലവിലുള്ള ഫയലിൽ **(F2/348/17)** എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; | 2016-17 ബജറ്റിൽ പ്രഖ്യാപിച്ചിട്ടുള്ള താനൂർ ഫയർ & റെസ്ക്യൂ സ്റ്റേഷൻ സ്ഥിരമായി പ്രവർത്തനം ആരംഭിക്കുന്നതിന് റവന്യൂ വകുപ്പിന്റെ /തദ്ദേശ സ്വയംഭരണ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള സ്ഥലങ്ങൾ ലഭ്യമായിട്ടില്ല. എന്നാൽ താനൂരിൽ താല്ക്കാലികമായി ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് പരിയാപുരം വില്ലേജിൽ സ്വകാര്യ വ്യക്തിയുടെ ഉടമസ്ഥതയിലുള്ള കെട്ടിടത്തോട് കൂടിയുള്ള 40 സെന്റ് സ്ഥലത്ത് വകുപ്പ് നിർദ്ദേശിച്ച പ്രകാരമുള്ള സൗകര്യങ്ങളോട് കൂടി താൽക്കാലികമായി ഫയർ സ്റ്റേഷന് കെട്ടിടം നിർമ്മിച്ച് നൽകുന്നതിന് സമ്മതമാണെന്ന് അറിയിച്ച് കൊണ്ട് ഭൂവുടമ സമ്മതപത്രം നൽകിയിട്ടുണ്ട്. പ്രസ്തുത സ്ഥലത്ത് താൽക്കാലികമായി ഫയർസ്റ്റേഷൻ ആരംഭിക്കുന്നതിന് 40 പുതിയ തസ്തികകൾ അനുവദിക്കുന്നതിന് 1,14,85,728/- രൂപയും, വാഹനം, ഉപകരണം, ഫർണിച്ചർ, ടെലഫോൺ എന്നിവയ്ക്കായി 1,52,80,000/- രൂപയും, അഗ്നിരക്ഷാ ഉപകരണങ്ങൾ വാങ്ങുന്നതിന് 38 ലക്ഷം രൂപയും അനുവദിക്കുന്നതിനായി ഫയൽ ധനകാര്യ വകുപ്പിന് കൈമാറിയിരിക്കുകയാണ്. |
| സി) നിലവിൽ താനൂർ ഫയർ സ്റ്റേഷൻ ആരംഭിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നേരിടുന്നുണ്ടോ; | |

| | | |
|---|---|---|
| ഡി) | താനൂർ ഫയർ സ്റ്റേഷൻ എപ്പോൾ പ്രവർത്തനം ആരംഭിക്കാൻ കഴിയു മെന്നാണ് പ്രതീക്ഷിക്കുന്നത്; | **(ഡി) & (ഇ)**<br>മേൽ പരാമർശിച്ച കെട്ടിടത്തിൽ ഫയർസ്റ്റേഷൻ താൽക്കാലികമായി ആരംഭിക്കുന്നതിന് ഭരണാനുമതി നൽകുകയും ഫണ്ട് ലഭ്യമാകുകയും ചെയ്യുന്ന മുറയ്ക്ക് നിർമ്മാണ പ്രവർത്തനം പൂർത്തിയാക്കി താൽക്കാലികമായി ഫയർസ്റ്റേഷന്റെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുന്നതാണ്. |
| ഇ) | താനൂരിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് താനൂർ ഫയർ സ്റ്റേഷൻ സമയബന്ധിതമായി ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ? | |

സെക്ഷൻ ഓഫീസർ